08/06/2020

4/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ A.P. No.1724(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.11229/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ബേബി സരോജം കെ.
ശ്രേയസ് ഹൗസ്,
മപ്പയിൽ പി.ഒ.,
വടകര, കോഴിക്കോട് - 673 104

അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   സബ് ട്രഷറി ഓഫീസ്.
   വടകര

2. അപ്പീൽ അധികാരി & ജില്ലാ ട്രഷറി ഓഫീസർ,
   ജില്ലാ ട്രഷറി ഓഫീസറുടെ കാര്യാലയം,
   താമരശ്ശേരി ജില്ലാ ട്രഷറി,
   താമരശ്ശേരി, കോഴിക്കോട്.

എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.04.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.05.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.06.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02.07.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.07.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 05.07.2015 |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ബേബി സരോജം കെ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ മരണസർട്ടിഫിക്കറ്റ്, ആധാർ, ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് മുതലായവ നേരിട്ട് പരിശോധിച്ച് ശേഖരിക്കുവാൻ ഒന്നാം എതിർകക്ഷി നിർദ്ദേശം നൽകിയെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ നൽകിയതിനെ തുടർന്ന് മേൽപ്പടി രേഖകൾ 20 ദിവസങ്ങൾക്കകം നൽകാൻ ഉത്തരവായി എന്നും എന്നാൽ ടിയാൾ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചതെന്നും മേൽപ്പടി മറുപടി വിവരാവകാശ നിയമത്തെ പരിഹസിക്കുന്നതിനു തുല്യമാണെന്നും മേൽപ്പടി രേഖകൾ ലഭിക്കാത്തതിനാൽ ടിയാൾക്ക് അർഹതപ്പെട്ട പെൻഷൻ അനുവദിച്ചിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, ടിയാളുടെ അമ്മ കെ. നാരായണിഅമ്മ 21.02.2001 തീയതി മരണപ്പെടുന്നതു വരെ വടകര ട്രഷറിയിൽ നിന്നും PPO.No.TMY-SF-431 പ്രകാരം Family Pension money order ആയി വാങ്ങിച്ചിട്ടുണ്ടെന്നും ഹർജിക്കാരിക്ക് Compassionate Ground-ൽ ഫാമിലി പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് അർഹത ഉള്ളതിനാൽ മേൽ നമ്പറിലുള്ള PPO പകർപ്പും പേമെന്റ് സർട്ടിഫിക്കറ്റും ഗവൺമെന്റ് മുമ്പാകെ സമർപ്പിക്കുന്നതിന് അനുവദിച്ച് നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിന് താഴെപ്പറയുന്ന രേഖകളുമായി ഓഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്.

9) മണി ഓർഡർ രസീത്(ഏറ്റവും അവസാനം ലഭിച്ചത്)

9) ഡെത്ത് സർട്ടിഫിക്കറ്റ്

9) ലീഗൽ ഹെയർ സർട്ടിഫിക്കറ്റ്

9) തിരിച്ചറിയൽ കാർഡ്

RIGHT TO INFORMATION

3. ഹർജിക്കാരി, രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയില്ലായെന്നും വിവരാവകാശ നിയമത്തിന് വിരുദ്ധമായി ചില രേഖകളുമായി ഒന്നാം എതിർകക്ഷി ഓഫീസിൽ ഹാജരായി റെക്കോർഡ് പരിശോധിച്ച് ആവശ്യമായ രേഖ തെരഞ്ഞെടുത്ത് കോപ്പി കൈപ്പറ്റാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും വിവരാവകാശ നിയമ പ്രകാരം വിവരം ലഭ്യമാകാൻ ഏതെങ്കിലും രേഖകൾ ഹാജരാക്കണമെന്ന് അനുശാസിക്കുന്നില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീമതി. കെ.നാരായണി അമ്മയുടെ SF-431-ാം നമ്പർ PPO KTC Volume I Rule 299(b), KSR part III Rule 138(c) അനുശാസിക്കും വിധം അക്കൗണ്ട് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ടെങ്കിൽ ആ വിവരവും അല്ലാത്തപക്ഷം പേജ് ഒന്നിന് രണ്ടു രൂപ നിരക്കിൽ ഹർജിക്കാരി ആവശ്യപ്പെട്ട PPO പകർപ്പ് 20 ദിവസങ്ങൾക്കകം നൽകേണ്ടതാണെന്നും എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട ശ്രീമതി. കെ.നാരായണി അമ്മയുടെ പെൻഷൻ പേമെന്റ് സർട്ടിഫിക്കറ്റ് ഒരു നിശ്ചിത മാതൃകയിൽ അതാതു അപേക്ഷകന് ആയതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനുശേഷം നൽകുന്ന സർട്ടിഫിക്കറ്റ് ആകയാൽ 3-ാം കക്ഷിക്ക് കൊടുക്കേണ്ടതില്ലെന്നുമാണ്. തുടർന്ന് 27.05.2015 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ അറിയിച്ചത്, ശ്രീമതി. കെ.നാരായണിയമ്മയുടെ PP.No.TMY-SF-431 എന്ന പെൻഷൻ പേമെന്റ് ഓർഡർ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ മാതാവ് ശ്രീമതി. കെ.നാരായണി അമ്മ പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന കാലത്ത് മൂന്നു വിധത്തിലുള്ള പെൻഷൻ വിതരണമാണ് ഉണ്ടായിരുന്നതെന്നും അവ യഥാക്രമം Pensioners Treasury Savings Bank, Counter സംവിധാനം, മണി ഓർഡർ സംവിധാനം എന്നിവയായിരുന്നുവെന്നും അവയിൽ മണിഓർഡർ മുഖേന എങ്കിൽ ആയതിന്റെ രസീതും മറ്റും ഹാജരാക്കുന്ന പക്ഷം ബന്ധപ്പെട്ട പെൻഷൻ പേമെന്റ് ഓർഡറിന്റെ തെരച്ചിൽ ആ ദിശയിൽ നടത്തുന്നതിലേയ്ക്കായി അത് ഹാജരാക്കുവാൻ ആവശ്യപ്പെടുകയാണ് ചെയ്തതെന്നും വളരെ കാലപ്പഴക്കം ചെന്ന കെട്ടിടത്തിലാണ് വടകര സബ് ട്രഷറി പ്രവർത്തിക്കുന്നതെന്നും വളരെ വർഷങ്ങളിലെ റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് സ്ഥല പരിമിതി ഉള്ളതിനാൽ മേൽപ്പടി

RIGHT TO INFORMATION

സബ്ട്രഷറിയിൽ ബുദ്ധിമുട്ടുണ്ടെന്നും ചോർന്ന് ഒലിക്കുന്ന മേൽപ്പടി കെട്ടിടത്തിൽ സൂക്ഷിക്കുന്ന പല റെക്കോർഡുകളും ഉപയോഗ ശൂന്യമായിട്ടുണ്ടെന്നും ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ നിരവധി തവണ തെരച്ചിൽ നടത്തിയിട്ടും കണ്ടെത്താനായിട്ടില്ലായെന്നും സാധാരണയായി ഫാമിലി പെൻഷൻ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അക്കൗണ്ട് ജനറൽ പെൻഷൻ ബുക്കിൽ രേഖപ്പെടുത്താത്ത കേസുകളിൽ പെൻഷണറുടെ മരണശേഷം പെൻഷൻ ബുക്കുകൾ അക്കൗണ്ട് ജനറലിന് തിരികെ അയച്ചു കൊടുക്കേണ്ടതാണെന്നും ആയതിനാൽ പരാമർശിത പെൻഷൻ പേമെന്റ് ഓർഡർ അക്കൗണ്ട് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ ആ വിവരവും അല്ലാത്തപക്ഷം നടപടി ക്രമങ്ങൾ പാലിച്ച് 20 ദിവസങ്ങൾക്കകം പ്രസ്തുത പെൻഷൻ ബുക്കിന്റെ പകർപ്പ് നൽകാൻ നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായതെന്നും എന്നാൽ ശ്രീമതി.കെ.നാരായണിയമ്മയുടെ പെൻഷൻ പേമെന്റ് ഓർഡർ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാ എന്ന വിവരം ഹർജിക്കാരിയെ ഒന്നാം എതിർകക്ഷി അറിയിച്ചുവെന്നും ഹർജിക്കാരിക്ക് അർഹതയുണ്ടെന്ന് അവകാശപ്പെടുന്ന Family Pension Compassionate Ground-ൽ നൽകേണ്ട അധികാരി അക്കൗണ്ടന്റ് ജനറൽ ആണെന്നും തുടർ തെരച്ചിലിൽ നാരായണിയമ്മയുടെ ഭർത്താവായ പരേതനായ മാനൻ പണിക്കരുടെ KDE-725/61000 നമ്പർ സർവ്വീസ് പെൻഷൻ പേയ്മെന്റ് ഓർഡർ കണ്ടെത്തുകയുണ്ടായി എന്നും തുടർന്ന് അക്കൗണ്ട് ജനറൽ കെ.നാരായണിയമ്മയുടെ പെൻഷൻ പേമെന്റ് ഓർഡർ ഹർജിക്കാരിക്ക് ഫാമിലി പെൻഷൻ ഓതറൈസ് ചെയ്യുന്നതിനായി അയച്ചു കൊടുക്കാൻ നിർദ്ദേശിച്ചിരുന്നതായും ആയത് കണ്ടെത്താനായില്ല എന്ന വിവരം അക്കൗണ്ട് ജനറലിനെ അറിയിച്ചിരുന്നുവെന്നും മാനൻ പണിക്കരുടെ പെൻഷൻ പേയ്മെന്റ് ഓർഡറുമായി ബന്ധപ്പെട്ട രേഖകളിൽ നിന്നും പരേതയായ കെ. നാരായണിയമ്മക്ക് ഫാമിലി പെൻഷൻ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാകുമെന്നും ആയതു പ്രകാരം ഹർജിക്കാരിക്ക് ഫാമിലി പെൻഷൻ ലഭ്യമാകുന്നതിനുള്ള നടപടി ക്രമങ്ങൾ ത്വരിതപ്പെടുമെന്നുമാണ് മനസ്സിലാകുന്നത് എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി ഓഫീസിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന പൂർണ്ണ വിവരങ്ങൾ ഹർജിക്കാരിക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ ഹർജികാരിക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ആയതു പ്രകാരം ഹർജിക്കാരിയുടെ ആവശ്യം നടപ്പാക്കുന്നതിലേയ്ക്കായി ആവശ്യമായി നടപടികൾ രണ്ടാം എതിർകക്ഷി സ്വീകരിക്കുമെന്ന് കമ്മീഷൻ മനസ്സിലാ

ക്കുന്നു. മേൽ സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമി ല്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മേയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION